പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –3299 21.12.2012- ൽ മറുപടിക്ക്

## പ്രവാസി മലയാളികളുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി മലയാളികളുടെ പുനരധിവാസത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് ഒരു സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് മൂലധന/പലിശ സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുക എന്നതിനായി പ്രവാസി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണനയിലാണ്. |
| (ബി) ഏതെല്ലാം ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | (ബി) നിലവിൽ കെ.എഫ്.സി, സിഡ്കോ, എസ്.ബി.റ്റി മറ്റു പൊതുമേഖല ബാങ്കുകൾ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോട് കൂടിയാണ് ടി പദ്ധതി നടപ്പിൽ വരുത്താനുദ്ദേശിക്കുന്നത്. എങ്കിലും ഭാവിയിൽ ആവശ്യമെന്ന് കണ്ടാൽ മറ്റ് സ്ഥാപനങ്ങളുമായും പ്രസ്തുത പദ്ധതിയെ ബന്ധിപ്പിക്കാവുന്നതാണ്. |
| (സി) എത്ര പേർക്ക് നാളിതുവരെ ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) പദ്ധതി രൂപരേഖ തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്. |
| (ഡി) പ്രവാസി ക്ഷേമ ബോർഡ് പുന സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) 20/11/2012 – ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 10/2012/നോർക്ക പ്രകാരം പ്രവാസിക്ഷേമ ബോർഡ് പുനഃ സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ